**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 944** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുടിയേറ്റ കർഷകരുടെ പേരിലുള്ള സ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കുടിയേറ്റ കർഷകരുടെ പേരിലുള്ള സ്ഥലങ്ങൾ പിടിച്ചെടുത്ത് റബ്ബർ പോലുള്ള വലിയ മരങ്ങൾ മുറിച്ച് മാറ്റാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ മുൻകൈ എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുടിയേറ്റ കർഷകരുടെ പേരിലുള്ള സ്ഥലങ്ങൾ പിടിച്ചെടുത്ത് റബ്ബർ പോലുള്ള വലിയ മരങ്ങൾ മുറിച്ച് മാറ്റാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ നടപടി എടുക്കുന്നില്ല. എന്നാൽ പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ നിക്ഷിപ്ത വനവുമായി ബന്ധപ്പെട്ട കോടതി കേസുകളിൽ നിക്ഷിപ്ത വനമാണെന്ന് വിധി വന്ന സ്ഥലങ്ങളിലെ റബ്ബർ പോലുള്ള മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി വനനശീകരണത്തിന് ഹേതുവാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ ഉണ്ടോ; എങ്കിൽ ഇതിൽ നിന്നും ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | കോടതി കേസുകളിൽ നിക്ഷിപ്ത വനമാണെന്ന് വിധി വന്ന സ്ഥലങ്ങളിലെ റബ്ബർ പോലുള്ള മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനമാക്കി മാറ്റുന്നതിലൂടെ വന പുന:സ്ഥാപനം നടത്തുവാനും, അതുവഴി വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ സംരക്ഷണം ഉറപ്പുവരുത്താനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ